
## കത്തുകൾ




# 'അത്യാസന്ന നിലയിൽ ഐ.സി.യുവിലാണ്'

നമ്മുടെ നാട്ടിലെ ആശുപത്രികളിൽ, വിശിഷ്യാ 'സൂപ്പർ സ്പെഷ്യാലിറ്റി'കളിൽ ഐ.സിയു(ഇന്റൻസീവ് കെയർ യൂനിറ്റ്)വിലുള്ള മരണങ്ങൾ ഏറിവരികയാണല്ലോ. സത്യവിശ്വാസികളെ സംബന്ധിച്ചേടത്തോളം ചിന്തനീയമായ ഒരു പ്രശ്നമാണിത്. കാരണം മരണാസന്നവേളയിൽ ചില ഇസ്ലാമികാചാരങ്ങൾ ദീക്ഷിക്കപ്പെടേണ്ടതുണ്ട്. എന്നാൽ ഐ.സി.യുവിൽ മറ്റുള്ളവർക്ക് പ്രവേശനം നിഷേധിക്കപ്പെടുന്നതിനാൽ പലപ്പോഴും ഇത് സാധിക്കാതെ പോകുന്നു.

മരണത്തോടടുക്കുന്ന വ്യക്തിക്ക് തൗഹീദീ വാക്യം ചൊല്ലിക്കൊടുക്കണമെന്ന് ഹദീസിൽ വന്നിട്ടുണ്ട്. നബി(സ) അരുൾചെയ്യുന്നു: "ആസന്നമരണർക്ക് 'ലാ ഇലാഹ ഇല്ലല്ലാഹ്' ചൊല്ലി കൊടുക്കുക" (മുസ്‌ലിം). മരണാസന്നർക്ക് (മരണശേഷമല്ല) സൂറഃ *യാസീൻ* ഓതിക്കൊടുക്കണമെന്നും നബി(സ) അരുൾ ചെയ്തതായി കാണാം. അവിടുന്ന് പറഞ്ഞു: "ആസന്നമരണനായ വല്ലവന്റെയും അടുത്തുവെച്ച് *യാസീൻ* ഓതുന്ന പക്ഷം അല്ലാഹു അയാൾക്ക് (മരണവേദന) ലഘുവാക്കി കൊടുക്കാതിരിക്കുകയില്ലതന്നെ" (അഹ്മദ്).

ഒരു രോഗിയുടെ ജീവൻ രക്ഷിക്കാൻ നാം പരമാവധി ശ്രമിക്കേണ്ടതുണ്ട് എന്ന കാര്യത്തിൽ തർക്കമില്ല. എന്നാൽ അതിനേക്കാൾ പ്രാധാന്യം നൽകേണ്ടത് നാം ഓരോരുത്തരുടെയും മരണവേള ഈമാനോടുകൂടിയായിരിക്കേണ്ടതിനാണ്. അതുകൊണ്ടുതന്നെ 'അത്യാസന്ന നിലയിൽ ഐ.സി.യുവിൽ പ്രവേശിപ്പിക്കുമ്പോൾ' ഇതേക്കുറിച്ചും നാം ചിന്തിക്കേണ്ടതുണ്ട്.

വൈദ്യം ഇന്ന് വൻ ബിസിനസ്സാണല്ലോ. ഐ.സിയുവിൽനിന്ന് രോഗി മരിച്ചുകിട്ടിയാലത്തെ ബില്ലിലാണ് മിക്ക ഹോസ്പിറ്റൽ അധികൃതരുടെയും കണ്ണ്. അതിനാൽ കാര്യമായ പരിചരണങ്ങളൊന്നും നൽകാതെ രോഗികളെ ഐ.സി.യുവിൽ വെച്ച് താമസിപ്പിക്കുന്ന അനുഭവങ്ങളുണ്ടായിട്ടുണ്ട്. ചുരുക്കത്തിൽ രോഗിയെ ഐ.സി.യുവിൽ പ്രവേശിക്കും മുമ്പ് വിദഗ്ധാഭിപ്രായം ഉറപ്പുവരുത്തണം. ഏതവസ്ഥയിലായാലും ഒരു ബന്ധുവോ മറ്റോ ഐ.സി.യുവിൽ രോഗിക്കൊപ്പം നിൽക്കുന്നതിൽ യാതൊരപകടവുമില്ലെന്നാണ് ഇതു സംബന്ധിച്ചു അന്വേഷിച്ചപ്പോൾ ചില ഡോക്ടർമാർ സൂചിപ്പിച്ചത്. എന്നാൽ രോഗിയുടെ ആളുകൾക്ക് അതിൽ ശുഷ്കാന്തി ഉണ്ടാവണമെന്നു മാത്രം. ഐ.സി.യുവിൽ മാത്രമേ ഗതിയുള്ളൂവെങ്കിൽ മരണവേളയിലെ വിശ്വാസകാര്യത്തിന്റെ ഗൗരവം അധികൃതരെ ബോധ്യപ്പെടുത്തി ഒരാളെങ്കിലും രോഗിക്കൊപ്പം ഐ.സി.യുവിൽ നിൽക്കണം.

**ഹസനുൽ ബന്നാ**
**കുഞ്ഞിമംഗലം**

# 'ഇബാദത്തും' ചില അർഥാനർഥങ്ങളും

അല്ലാഹുവിന് ഇബാദത്ത് ചെയ്യലാണ് മനുഷ്യസൃഷ്ടിയുടെ ദൗത്യം എന്ന് ഖുർആൻ അസന്ദിഗ്ധമായി വ്യക്തമാക്കുന്നു. ഭാഷാ വിശകലനത്തിലൂടെ മാത്രം ആ പദത്തിന്റെ പൂർണ യാഥാർഥ്യം വ്യക്തമായിക്കൊള്ളണമെന്നില്ല. അപ്പോഴാണ് 'ശർഅ്' അതിനെ എങ്ങനെ ഉപയോഗിച്ചിരിക്കുന്നു എന്ന ചിന്ത പ്രസക്തമാവുന്നത്.

പല പദങ്ങളും പരമ്പരാഗത അർഥങ്ങൾക്കുപരി പുതിയ മാനങ്ങൾ നൽകി ഖുർആൻ തന്നെ പ്രയോഗിച്ചിട്ടുണ്ട്. അത് ഖുർആന്റെ ഭാഷാപരമായ മേന്മക്കും ഭാഷയിൽ അത് ചെലുത്തിയ സ്വാധീനത്തിനും ഉദാഹരണമാണ്. സർവസാധാരണമായി നാം കേൾക്കുന്ന സ്വലാത്ത് തന്നെയെടുക്കുക. പ്രാർഥന എന്ന അർഥത്തിലാണ് ആ പദം പ്രയോഗിച്ചുവന്നിരുന്നത്. എന്നാൽ പ്രസ്തുത പദത്തിന്റെ അർഥവ്യാപ്തിയും അത് മനസ്സിലേക്ക് കൊണ്ടുവരുന്ന ചിത്രവും എല്ലാ വിശ്വാസികൾക്കും അറിയാവുന്നതാണ്. അത് പ്രാർഥന (ദുആ)യേക്കാൾ എത്രയോ വ്യാപകമാണ്. ഇതേ രീതിയിലാണ് ഇബാദത്ത് എന്ന പദവും അപഗ്രഥിക്കേണ്ടത്.

കുറേ വർഷങ്ങൾക്കപ്പുറം, അറബിഭാഷയുമായി പരിചയപ്പെടുന്നതിനു മുമ്പ് ഖുർആൻ പരിഭാഷ വായിച്ചപ്പോൾ ഈ കുറിപ്പുകാരന് മനസ്സിലായ ഒരു കാര്യം വായനക്കാരുമായി പങ്കുവെക്കുകയാണ്. ഖുർആനിൽ ധാരാളം കൽപനകളും നിരോധനങ്ങളും കാണുന്നു. സൽക്കർമം ചെയ്യാൻ പ്രേരിപ്പിക്കുകയും ദുഷ്കർമങ്ങളെ നിരുത്സാഹപ്പെടുത്തുകയും ചെയ്യുന്നു. കേവലം ആരാധനാകർമങ്ങൾക്കുപരി ദൈവേഛക്കനുസൃതമായി ഒരു ജീവിതം ക്രമപ്പെടുത്താനുള്ള ചട്ടക്കൂടിന്റെ നിർമിതിയാണ് ഖുർആൻ നിർവഹിക്കുന്നത് എന്ന് മനസ്സിലായി. ക്രമേണ 'ആരാധന'ക്കർഹൻ അല്ലാഹു മാത്രം എന്ന മദ്റസാ സമവാക്യം ദീനിനെ പൂർണമായി പ്രതിഫലിപ്പിക്കുന്നില്ല എന്ന് ബോധ്യപ്പെട്ടു (ആരാധനക്കർഹൻ അല്ലാഹു മാത്രം എന്നത് ക്രമേണ ആരാധനക്ക് മാത്രം അർഹനാണ് അല്ലാഹു, ബാക്കി കാര്യങ്ങൾ എങ്ങനെയുമാവാം എന്നിടത്തേക്കാണ് സമൂഹത്തെ എത്തിച്ചിട്ടുള്ളത്). പിന്നീട് ഖുർആൻ അറബിഭാഷയിൽ തന്നെ വായിക്കുകയും അഹ്‌ലുസ്സുന്ന പണ്ഡിതന്മാരുടെ ഇതു സംബന്ധമായ വ്യാഖ്യാനങ്ങൾ മനസ്സിലാക്കുകയും ചെയ്തപ്പോൾ എന്റെ ധാരണകൾ ബലപ്പെടുകയുണ്ടായി.

ഇബാദത്തിനെ പരിമിതപ്പെടുത്തി മനസ്സിലാക്കിയാൽ വിശ്വാസത്തിലും പ്രവർത്തനത്തിലും ഗുരുതരമായ പിഴവുകൾ സംഭവിക്കും. കേരളത്തിലെ മുജാഹിദ് പ്രസ്ഥാനത്തിലെ ഒരു സമുന്നത പണ്ഡിതൻ പ്രസംഗിക്കുന്നതു കേട്ടു– 'ജമാഅത്തുകാർ പറയും പോലെയല്ല പ്രവാചകന്മാർ പ്രബോധനം നടത്തിയത്. ആരാധന അല്ലാഹുവിനു മാത്രം അർപ്പിക്കണം എന്നാണ് അവരെല്ലാം പറഞ്ഞത്.' പ്രവാചകന്മാരെല്ലാം മലയാളികളായിരുന്നുവെന്നും അവരെല്ലാം പ്രയോഗിച്ച ആരാധന എന്ന വാക്കിന് പകരമായിട്ടാണ് ഖുർആൻ ഇബാദത്ത് എന്ന് പ്രയോഗിച്ചത് എന്നും പ്രസംഗം കേട്ടപ്പോൾ തോന്നിപ്പോയി!

**പി. ഷാനവാസ്, കരുനാഗപ്പള്ളി**

# സമയമാറ്റമാണോ യഥാർഥ പ്രശ്നം?

സ്കൂൾ സമയമാറ്റം സജീവ ചർച്ചയാണല്ലോ. മദ്റസാപഠനത്തെക്കുറിച്ച് പ്രസക്തമെന്ന് തോന്നിയ ചില കാര്യങ്ങൾ കുറിക്കുകയാണ്:

നിലവിലെ മദ്റസാ പഠനത്തിലൂടെ ലഭിക്കുന്ന പ്രയോജനങ്ങൾ എന്തൊക്കെയാണ്? ദീനീ അറിവിലും നിഷ്ഠയിലും സമുദായം എവിടെ നിൽക്കുന്നു? വർഷങ്ങൾ നീണ്ടുനിൽക്കുന്ന പഠനം കുട്ടികളുടെ ജീവിതത്തെ എത്രമാത്രം സ്വാധീനിക്കുന്നു?

ഒരു ചർച്ചാവേദിയിൽ ഖുർആന്റെ മഹത്വങ്ങൾ കേട്ട സഹോദരസമുദായത്തിലെ ഒരാൾ ചോദിച്ചു: 'ഇത്രയും മഹത്തായ ഖുർആൻ പഠിപ്പിക്കാനാണല്ലോ നിങ്ങൾ നിങ്ങളുടെ കുട്ടികളെ മഞ്ഞും മഴയും വകവെക്കാതെ മദ്റസകളിൽ എത്തിക്കുന്നത്. ഞങ്ങളുടെ കുട്ടികൾക്ക് ഇങ്ങനെ ഒരു മതപഠനസംവിധാനവുമില്ല. അങ്ങനെ വളരുന്ന ഞങ്ങളുടെ കുട്ടികളും നീണ്ടകാലം മദ്റസാ പഠനം ലഭിക്കുന്ന നിങ്ങളുടെ കുട്ടികളും തമ്മിലെന്താണ് വ്യത്യാസം? കളവ്, ചതി മുതൽ കൊലപാതകം വരെയുള്ള സംഭവങ്ങളിൽ നിങ്ങളുടെ ആളുകളുടെ പേരുകളല്ലേ അധികമായി കാണുന്നത്?' മുസ്‌ലിം സമുദായത്തിന്റെ മനസ്സിൽ തറക്കേണ്ട ചോദ്യമാണിത്.

വർഷങ്ങളോളം കുട്ടികളെ കൈയിൽ ലഭിച്ചിട്ടും ദീനിയായ ജീവിതക്രമം ശീലിപ്പിക്കാൻ കഴിയാത്തതിന്റെ കാരണമെന്താണ്? കഴിവ് കുറഞ്ഞ അധ്യാപകർ, ഇനിയും വേണ്ടവിധം പരിഷ്കരിച്ചിട്ടില്ലാത്ത സിലബസ്, ഒരിടത്തും പ്രയോജനപ്പെടാത്ത അറബിമലയാളം, രക്ഷിതാക്കളുടെ താൽപര്യമില്ലായ്മ- ഇവയെല്ലാം കാരണങ്ങളാണ്.

കടുത്ത സംഘടനാ വിദ്വേഷം വെച്ചുപുലർത്തുന്ന മതാധ്യാപകരും കുറവല്ല. ഒരു ഖത്വീബിനോട് സമുദായത്തിന്റെ ശോച്യാവസ്ഥയെ സംബന്ധിച്ച് സംസാരിക്കവെ അദ്ദേഹം പ്രതികരിച്ചത് ഇങ്ങനെയാണ്: "നാട്ടിലെ സകലമാന കുഴപ്പങ്ങൾക്കും കാരണം നിങ്ങൾ പുത്തൻവാദികളാണ്. ഖുത്ബ മലയാളത്തിലാക്കിയതാണ് നാശത്തിന്റെ കാരണം. പണ്ട് മിമ്പറിൽനിന്ന് ഖുത്ബ കേൾക്കുമ്പോൾ താടിയിലൂടെ കണ്ണീരൊലിച്ചിരുന്ന ഒരുപാട് മനുഷ്യരുണ്ടായിരുന്നു. അതൊക്കെ നിങ്ങൾ ഇല്ലാതാക്കി. നിങ്ങളുമായി സഹകരിക്കുന്നത് പിതാവിനെ തച്ചവന്റെ തോളിൽ കൈയിട്ട് നടക്കുന്നതു പോലെയാണ്. നിങ്ങൾ ആരാണെന്നറിഞ്ഞിരുന്നെങ്കിൽ ഞാൻ സലാം മടക്കില്ലായിരുന്നു. അതിനാൽ മടക്കിയ സലാം ഞാൻ പിൻവലിച്ചിരിക്കുന്നു!"

ഇത്തരമാളുകൾ പകർന്നുകൊടുക്കുന്ന ദീനീ ശിക്ഷണത്തിന്റെ സ്ഥിതി ഊഹിക്കാവുന്നതേയുള്ളൂ.

**എം. അബ്ദുൽ മജീദ്, പറവണ്ണ**

## ഫ്ളാഷ് പ്രസന്റേഷൻ മത്സരം

**കോഴിക്കോട്:** എസ്.ഐ.ഒ പ്രവർത്തനത്തിന്റെ 25 വർഷം പൂർത്തിയാക്കിയതിന്റെ ഭാഗമായി അഖിലേന്ത്യാ തലത്തിൽ ഒരു ഫ്ളാഷ് പ്രസന്റേഷൻ മത്സരം സംഘടിപ്പിക്കുന്നു. എസ്.ഐ.ഒവിനെ പൊതു സമൂഹത്തിന് പരിചയപ്പെടുത്തുന്നതായിരിക്കണം പ്രസന്റേഷൻ. ഏറ്റവും മികച്ച പ്രസന്റേഷന് മുംബൈയിൽ നടക്കുന്ന സമ്മേളനത്തിൽ സമ്മാനം നൽകും. അവതരണങ്ങൾ prs.sio@gmail.com എന്ന ഇ-മെയിൽ അഡ്രസ്സിൽ അയക്കുക. അവസാന തീയതി ജൂലൈ 25. കൂടുതൽ വിവരങ്ങൾക്ക് **ഫോൺ: 9846537780**

## സ്ത്രീപക്ഷ ചിന്തകൾ - ശിൽപശാല

**കോഴിക്കോട്:** ഗേൾസ് ഇസ്‌ലാമിക് ഓർഗനൈസേഷൻ കേരള 'സ്ത്രീപക്ഷ ചിന്തകൾ' എന്ന തലക്കെട്ടിൽ വിദ്യാർഥിനികൾക്ക് ദ്വിദിന ശിൽപശാല സംഘടിപ്പിക്കുന്നു. പങ്കെടുക്കാനാഗ്രഹിക്കുന്നവർ തദ്‌വിഷയത്തിൽ രണ്ടു പുറത്തിൽ കവിയാതെ സ്വന്തം വീക്ഷണം എഴുതി ജൂലൈ 20-നു മുമ്പ് (സ്വന്തം വിലാസത്തോടെ) **സെക്രട്ടറി, ജി.ഐ.ഒ, ഹിറാ സെന്റർ, പി.ബി. നമ്പർ - 833, മാവൂർ റോഡ്, കോഴിക്കോട് - 4 (E-mail: gio.kerala@gmail.com)** എന്ന വിലാസത്തിൽ അയക്കുക. കൂടുതൽ വിവരങ്ങൾക്ക്: **0495-2721655**

# മതപഠനം പരീക്ഷ എഴുതാൻ മാത്രം!

നാടുനീളെ മദ്റസകൾ ഏറക്കുറെ വ്യവസ്ഥാപിതമായി പ്രവർത്തിക്കുന്നുണ്ട്. പരീക്ഷാബോർഡും സിലബസ്സും സേവന-വേതന വ്യവസ്ഥകളും കെട്ടിടങ്ങളുമൊക്കെയുണ്ട്. ഒപ്പം പരീക്ഷയും റാങ്കും അവാർഡും. ദീനിന്റെ പ്രകാശം, സന്മാർഗത്തിന്റെ കേന്ദ്രം എന്നിങ്ങനെ അർഥം വരുന്ന ഗംഭീര പേരുകളും.

ഇങ്ങനെയൊക്കെ ഊർജവും പണവും സമയവും ചെലവഴിച്ചിട്ട് എന്താണ് സമുദായത്തിന് തിരിച്ചുകിട്ടുന്നത്? ഈ മതപഠനം ജീവിതത്തിൽ എന്തു സ്വാധീനമാണ് സൃഷ്ടിക്കുന്നതെന്ന് ചിന്തിക്കുമ്പോഴാണ് നാം അമ്പരക്കുന്നത്. ദൈവഭയം, മാതാപിതാക്കളോടുള്ള കടമ, സൽസ്വഭാവം, വൃത്തി ഇവയൊക്കെ കാണാപാഠം പഠിച്ച് പരീക്ഷ എഴുതി ഒന്നാം റാങ്ക് നേടിയ ഒരു കുട്ടി സ്വന്തം വീട്ടിലും സമൂഹത്തിലും ഇത് പ്രായോഗവത്കരിച്ച് എത്ര മാർക്കാണ് വാങ്ങുന്നത്? തിന്മകൾ ചെയ്യുന്നതിൽനിന്ന് തടഞ്ഞുനിർത്താൻ നിലവിലെ മദ്റസാ പഠനം എത്ര അളവിൽ സഹായിക്കുന്നുണ്ട്?

ഡ്രൈവറായ ഒരമുസ്‌ലിം ചെറുപ്പക്കാരൻ വാഹനം സ്റ്റാർട്ടാക്കുമ്പോൾ കാണിക്കുന്ന ദൈവഭക്തി സനദടക്കം വാങ്ങിയ നമ്മുടെ സഹോദരന്മാർ കാണിക്കാറുണ്ടോ? ഒരടിപൊളി പാട്ടിലായിരിക്കും അവരുടെ തുടക്കം. യാത്രാമധ്യേ ഒരമ്പലം കണ്ടാൽ അതിനെ വന്ദിച്ച് ഭക്തി കാണിക്കുന്ന സഹോദര സമുദായാംഗം പരീക്ഷ എഴുതി പഠിച്ചതല്ലല്ലോ അത്. എന്നാൽ പള്ളിയിൽനിന്ന് ബാങ്കുവിളി കേട്ടാൽ മറുപടി പറയേണ്ടതുണ്ടെന്ന് പഠിച്ച നമ്മളോ? കേട്ട ഭാവമേ ഇല്ലാതെ, പറ്റുമെങ്കിൽ പാട്ടിന്റെ ശബ്ദം കുറച്ചുകൂടി കൂട്ടിവെച്ചായിരിക്കും പ്രതികരിക്കുക. സ്കൂളുകളിൽ സംസ്കാരം, അച്ചടക്കം, പെരുമാറ്റം, വൃത്തി ഇവയിലൊക്കെ മുസ്‌ലിം കുട്ടികൾ പിറകിലായിരിക്കും.

എല്ലാവരും ഇങ്ങനെയെന്നോ മദ്റസകൾ പൂർണ പരാജയമെന്നോ അല്ല പറയുന്നത്. സമുദായം ഇത്രയൊക്കെ വ്യയം ചെയ്തിട്ടും എന്തുകൊണ്ട് വേണ്ടത്ര ഫലം ലഭിക്കുന്നില്ല എന്ന് ചിന്തിക്കണമെന്ന് ഉണർത്തുക മാത്രമാണ്.

കുട്ടിയെ മദ്റസയിൽ ചേർത്താൽ ഉത്തരവാദിത്വം കഴിഞ്ഞെന്നു കരുതുന്ന മാതാപിതാക്കൾ, ക്ലസ് മുറിയിൽ പഠിപ്പിച്ചു കഴിഞ്ഞാൽ പുറത്ത് ആ കുട്ടിയെ ശ്രദ്ധിക്കേണ്ടതില്ലെന്ന് കരുതുന്ന അധ്യാപകർ- ഇവർക്കൊക്കെ ഈ അവസ്ഥയിൽ പങ്കില്ലേ? പഠിച്ചത് പരീക്ഷ എഴുതാൻ മാത്രമല്ല, ജീവിതത്തിൽ പ്രയോഗിക്കാനുള്ളതാണെന്ന ബോധം സൃഷ്ടിക്കാൻ നമുക്ക് കഴിയണം.

**പി.സി മുഹമ്മദ് കുട്ടി**
**തിരുത്തിയാട്**

# സ്വലാത്തിൽനിന്ന് ശിങ്കാരിമേളത്തിലേക്ക്

'ആണ്ടു നേർച്ചക്ക് ആനക്കൂട്ടം, നബിദിനത്തിന് കടലാസു കൊടി' എന്ന കത്താണ് ഈ കുറിപ്പിനു പ്രേരകം. ഇവിടെ അടുത്തുള്ള ഒരു പള്ളിയിൽ കാലാകാലങ്ങളായി മാർച്ച് മാസത്തിലെ ഒരു ഞായറാഴ്ച നേർച്ച നടന്നുവരാറുണ്ട്. എന്റെ കുട്ടിക്കാലത്ത് ഞങ്ങളുടെ ഭാഗത്തുനിന്നുള്ള 'പെട്ടി' പോകുന്നത് സ്വലാത്ത് ചൊല്ലിക്കൊണ്ടായിരുന്നു. കാലക്രമത്തിൽ അത് അറബനമുട്ടിലെത്തി. പിന്നീട് ചെണ്ടമേളത്തിൽ കുറേക്കാലം പിടിച്ചുനിന്നു. പുത്തൻതലമുറ അത് ബാന്റ് വാദ്യത്തിന്റെ അകമ്പടി വരെ എത്തിച്ചു. എന്നാൽ സൈബർ തലമുറ ഈ വർഷം ശിങ്കാരിമേളത്തോടെ 'പെട്ടി' കൊണ്ടുപോയി പുണ്യം വർധിപ്പിച്ചു! ഇതിനെതിരെ ശബ്ദമുയർത്തുന്നവർ പുത്തൻവാദികൾ!

**അലവി വീരമംഗലം**